വിമാനവാഹിനിക്കപ്പൽ നിർമ്മാണം

*4 [904] ശ്രീ. ജോർജ് ജെ. മാത്യു:
,, ടി. വി. ചന്ദ്രമോഹൻ:
,, വർക്കല കഹാർ:
,, എൻ. ശക്തൻ:

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കപ്പൽനിർമ്മാണ കേന്ദ്രത്തിൽ വിമാനവാഹിനി കപ്പൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ വിമാനവാഹിനിക്കപ്പൽ നിർമ്മിക്കുന്ന പക്ഷം വമ്പിച്ച തൊഴിൽ സാദ്ധ്യത ഉണ്ടാകുവാനിടയുണ്ടോ;

(സി) എങ്കിൽ ആവശ്യമായ സാങ്കേതിക വിജ്ഞാനം കരസ്ഥമാക്കിയ തൊഴിലാളികളെ സജ്ജമാക്കുന്നതിലേയ്ക്കായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) ഇത്തരം കപ്പൽ സംസ്ഥാനത്ത് നിർമ്മിക്കുമ്പോൾ ചെറുകിട വ്യവസായങ്ങൾക്ക് ഉണ്ടായേക്കാവുന്ന സാദ്ധ്യത പരിഗണിച്ച് ആയതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഒരു എയർ ഡിഫൻസ് ഷിപ്പ് നിർമ്മിക്കുന്നതിനുള്ള ലെറ്റർ ഓഫ് ഇൻഡന്റ് ഇൻഡ്യൻ നേവിയിൽ നിന്നും കൊച്ചിൻ ഷിപ്പ്യാർഡിന് 14-6-1999-ൽ ലഭിച്ചിട്ടുണ്ട്. എന്നാൽ അന്തിമ തീരുമാനമോ ആവശ്യമായ ഫണ്ടോ ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കപ്പലിന്റെ രൂപകല്പന സംബന്ധിച്ച പഠനം പൂർത്തിയായതിനുശേഷം മാത്രമേ ഇക്കാര്യം വ്യക്തമാകുകയുള്ളൂ.

(സി) പ്രാഥമിക രൂപകല്പനയ്ക്കായി അതിവിദഗ്ദ്ധരായ 23 സാങ്കേതിക ആഫീസറൻമാരെ ഷിപ്പ്യാർഡ് നിയോഗിച്ചിട്ടുണ്ട്.

(ഡി) പദ്ധതി പ്രാവർത്തികമാകുമെങ്കിൽ കുറച്ചുപേർക്ക് തൊഴിൽ സാദ്ധ്യതയുണ്ടാകാനിടയുണ്ട്. കപ്പലിന്റെ രൂപകല്പനയെക്കുറിച്ച് ഷിപ്പ്യാർഡ് നടത്തുന്ന പഠനം പൂർത്തിയായാൽ മാത്രമേ ഇക്കാര്യത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly